ചികിൽസാ സഹായവും മറ്റ് ആരോഗ്യസംരക്ഷണത്തിനുവേണ്ടിയുള്ള സഹാ. യവും അതുപോലെതന്നെ ആഹാരമെത്തിക്കുന്നതിനുള്ള നടപടികളും സ്വീക രിച്ചിട്ടുണ്ട്. അവരുടെ സാമ്പത്തിക ഉന്നമനത്തിനുവേണ്ടിയുള്ള ഒട്ടേറെ പരി പാടികൾ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ഒരു പാക്കേജ് പദ്ധതി തയ്യാറാ ക്കാൻ വേണ്ടി വനം വകുപ്പും, പട്ടികവർഗ്ഗ വികസന വകുപ്പും, ലോക്കൽ ബോഡീസുമായി ചർച്ചകൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. എത്രയും പെട്ടെന്ന് അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതാണ്.

(20) പുനലൂരിലെ അഗ്രോ ഫുഡ് പ്രോഡക്ട്സ് യൂണിറ്റിന്റെ പ്രവർത്തനം

ശ്രീ. പി.എസ്. സുപാൽ : സർ, പുനലൂരിലുള്ള അഗ്രോ ഫുഡ് പ്രോഡ ക്ട്സിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ വേണ്ടിയുള്ള നടപടികൾ സ്വീകരി ക്കണമെന്ന് ആവശ്യപ്പെടുകയാണ്. അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ഒരു സബ്സിഡിയറി യൂണിറ്റാണ് പുനലൂരിലെ അഗ്രോ ഫുഡ് പ്രോഡക്ട്സ്. 1980-കളുടെ തുടക്കത്തിൽ സ്ഥാപിതമായ ഏറ്റവും വികസന സാദ്ധ്യതയുള്ള ഒരു സ്ഥാപനമാണ് ഇത്. ഈ സ്ഥാപനം ഇന്ന് പ്രതിസന്ധിയെ നേരിടുക യാണ്. സെയിൽസ് ടാക്സ്, പി.എഫ്. ഇനത്തിൽ 22 ലക്ഷം രൂപയുടെ ബാദ്ധ്യത വന്നിരിക്കുകയാണ്. ഈ യൂണിറ്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്തു ന്നതിനു വേണ്ടി ഒരു പ്രോജക്ട്/ക്യാബിനറ്റ് അംഗീകരിച്ചതാണ്. പക്ഷെ അത് ഇതുവരേയും നടപ്പാക്കിയിട്ടില്ല. ക്യാബിനറ്റ് അംഗീകരിച്ച പദ്ധതി വളരെ വേഗ ത്തിൽ നടപ്പിലാക്കാനും പ്രതിസന്ധി ഒഴിവാക്കാനും അടിയന്തിര സഹായം ലഭ്യമാക്കുന്നതിന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി മുൻകൈയെടുത്ത് സത്വര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച പ്രശ്നം, 1984-ൽ അഗ്രോ ഇൻഡ സ്ട്രീസ് കോർപ്പറേഷന്റെ ഒരു യൂണിറ്റായിട്ട് തുടങ്ങിയതാണ്. ചില സാമ്പ ത്തിക പ്രശ്നങ്ങൾ ഇപ്പോൾ നിലവിലുണ്ട്. എന്നിരുന്നാലും അത് പരിഹരി ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്. ഈവർഷം ഈ യൂണി റ്റിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്താനും മറ്റുമായി 20 ലക്ഷം രൂപ ഇതി നകം തന്നെ ചെലവഴിച്ചിട്ടുണ്ട്. ഈ യൂണിറ്റിന്റെ നവീകരണത്തിനായി 112 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ട്. ഈ അംഗീകാരം നൽകിയ പദ്ധതി നടപ്പാലാക്കുന്നതിനുവേണ്ടി ശ്രമിച്ചുവരു കയാണ്. അതോടൊപ്പം തന്നെ നമ്മുടെ ഡിമാന്റനുസരിച്ച് അതിന്റെ സപ്ലൈ വിപുലപ്പെടുത്തുന്നതിനാവശ്യമായിട്ടുള്ള സംവിധാനങ്ങളെക്കുറിച്ചുകൂടി ഗവൺമെന്റ് ഗൗരവതരമായി ആലോചിച്ച് തീരുമാനങ്ങളെടുത്ത് നടപ്പാക്കുന്ന തായിരിക്കും.

(21) കാസർഗോഡ് ജില്ലയിലെ കുമ്പളയിൽ സബ്ട്രഷറി ആരംഭിക്കേണ്ട തിന്റെ ആവശ്യകത

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, എന്റെ നിയോജകമണ്ഡലത്തിലെ കുമ്പളയിൽ ഒരു സബ് ട്രഷറി സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്ക ണമെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly